# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 170 — 07.03.2018 — ൽ മറുപടിക്ക്

## അന്ത്യോദയ അന്ന യോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ.ജെ. മാക്സി<br>,, ഡി.കെ. മുരളി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അന്ത്യോദയ അന്ന യോജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) കേന്ദ്ര സർക്കാർ 25.12.2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പ വരുത്തുക, എല്ലാവരേയും വിശപ്പിൽ നിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്കവിധം പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. നിലവിൽ ദേശീയ തലത്തിൽ 2.5 കോടി കുടുംബങ്ങൾ ഉൾപ്പെടുന്ന പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.<br><br>1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ<br>2) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ, ഏകയായ സ്ത്രീയോ പുരുഷനോ<br>3) എല്ലാ പ്രാക്തന(പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും<br><br>ഇത് കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത |

വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിക്കൊണ്ട് എ.എ.വൈ. പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 വിഭാവനം ചെയ്യുന്ന അനുവദനീയമായതും അർഹരായതുമായ 595800 ഗുണഭോക്താക്കളെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നതെന്നും പദ്ധതിക്കായി ഏതെല്ലാം ചെലവുകളാണ് സംസ്ഥാന സർക്കാർ വഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) 17757.49 മെ.ടൺ അരിയും 3095.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യധാന്യം എ.എ.വൈ വിഭാഗത്തിനായി കേന്ദ്രത്തിൽ നിന്ന് പ്രതിമാസം അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്. ഇതുപയോഗിച്ച് ടി വിഭാഗത്തിലെ ഓരോ കാർഡിനും 30 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും നൽകാൻ സാധിക്കും. 3/- രൂപ നിരക്കിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന അരിയും 2/- രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും എ.എ.വൈ. വിഭാഗത്തിന് സൗജന്യമായി നൽകുന്നതിന് 5.95 കോടി രൂപ സർക്കാർ പ്രതിമാസം ചെലവഴിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന സപ്ലൈകോയ്ക്ക് കടത്തുകൂലിയിനത്തിൽ പ്രതിമാസം ഏകദേശം 3.34 കോടി രൂപയും ഭക്ഷ്യധാന്യ വിതരണം നിർവഹിക്കുന്ന റേഷൻവ്യാപാരികൾക്ക് നൽകുന്ന കമ്മീഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 2.09 കോടി രൂപയും സർക്കാർ ചെലവാക്കുന്നുണ്ട്.

(ഡി) എ.എ.വൈ. പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ;

(ഡി) ഇല്ല. സംസ്ഥാനത്ത് 5,95,800 കുടുംബങ്ങളാണ് എ.എ.വൈ. വിഭാഗത്തിൽ അനുവദനീയമായിട്ടുള്ളത്.

(ഇ) സംസ്ഥാനത്തിനുള്ള ഭക്ഷ്യധാന്യ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് എ.എ.വൈ. വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ കുറവുണ്ടായിട്ടില്ല. മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യ ധാന്യ വിഹിതത്തിലാണ് കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുള്ളത്.

*സെക്ഷൻ ഓഫീസർ*

## അനുബന്ധം - 1

| ജില്ല | നിലവിലുള്ള എ.എ.വൈ കാർഡുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 63898 |
| കൊല്ലം | 50108 |
| പത്തനംതിട്ട | 24804 |
| ആലപ്പുഴ | 41282 |
| കോട്ടയം | 35369 |
| ഇടുക്കി | 33913 |
| എറണാകുളം | 37668 |
| തൃശ്ശൂർ | 54640 |
| പാലക്കാട് | 49261 |
| മലപ്പുറം | 53319 |
| കോഴിക്കോട് | 40851 |
| വയനാട് | 47068 |
| കണ്ണൂർ | 35245 |
| കാസർഗോഡ് | 28374 |
| **ആകെ** | **595800** |

Bonomulnoo - 2

F. No. 1-8/2013-BP-III (Vol.II)
Government of India
Ministry of Consumer Affairs and Food and Public Distribution
Department of Food and Public Distribution

........

Krishi Bhawan, New Delhi
Dated: 12th February, 2018.

To

The Secretary,
Department of Food, Civil Supplies & Consumer Affairs,
Government of Kerala,
Thiruvananthapuram,
Kerala.

**Sub: Revised allocation of foodgrains to Kerala for enhancement of 950 tons of rice for AAY from March, 2018 onwards– reg.**

Sir,

I am directed to refer to your letter No. 103/D2/2017/F&CSD dated 07.12.2017 on above mentioned subject and to say that the request of the State has been examined in the Department and as per the existing wheat-rice policy part (vi), (copy attached) it has been decided to enhance 950 tons of rice in lieu of wheat for AAY category under NFSA from March, 2018 onwards. Accordingly, in partial modification of this Department's allocation letter of even number 1-8/2013-BP.III (Vol.-II) dated 21.02.2017, the revised monthly allocation of foodgrains to Kerala from March, 2018 onwards is as under:

| Allocation category | Monthly quantity (in tons) | | | Issue price per kg (in Rs.) | |
|---|---|---|---|---|---|
| | Rice | Wheat | Total | Rice | Wheat |
| AAY | 17757.490 | 3095.475 | 20852.965 | Rs.3.00 | Rs. 2.00 |
| Priority | 52073.178 | 12533.742 | 64606.920 | | |
| **Total** | **68880.668** | **16579.217** | **85459.885** | | |
| Tide Over | 26835.124 | 6459.074 | 33294.198 | Rs. 8.30 | Rs. 6.10 |

2. The validity period for deposit of cost and lifting of the above revised allocation for the month of March, 2018 will be upto 30 days from the date of issue of this. The validity period for rest of the months will be as per the existing instructions conveyed vide this Department's letter No.1-2/2007-BP.III dated 11.07.2014. Further, any quantity of foodgrains already lifted in excess of the above revised allocation will be adjusted against the revised allocation of subsequent months.

Your faithfully,

(Asit Halder)
Under Secretary to the Govt. of India

Copy to:-

1. Chairman-cum-Managing Director, Food Corporation of India, New Delhi.
2. Economic Adviser (NFSA)
3. ED (Sales) /General Manager (Sales), FCI, New Delhi.
4. The GM, FCI, Regional Offices concerned.
5. The Resident Commissioner, Govt. of Kerala, New Delhi.
6. Dir (PD)/Dir (Policy)/Dir(Movt.)/Dir(NFSA)/DS(Finance) /DS(BP).
7. NFSA/BP-I / Py.I /PD.I/PD.II/PD.III/ Movt.I / FC A/c sections
8. NIC, Deptt. of Food & PD with the request to upload this allocation letter on the official